പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.383 — 04.06.2018 ൽ മറുപടിക്ക്

## അർബുദരോഗികൾക്ക് ലഭിക്കുന്ന പെൻഷൻ

| ചോദ്യം<br>ശ്രീ.കെ. ബാബു | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അർബുദരോഗികൾക്ക് ലഭിക്കുന്ന പെൻഷൻ സംബന്ധിച്ച് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ), (ബി) & (സി) | 10.07.2014 -ലെ സ.ഉ.(സാധാ) നം.2352/2014/ആ.ക.വ പ്രകാരം ക്യാൻസർ, കുഷ്ഠം, ക്ഷയം രോഗികൾക്കുള്ള പ്രതിമാസ പെൻഷൻ 1,000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. 09.11.1976 ലെ സ.ഉ.(അച്ചടി) 394/76/എച്ച്.ഡി. പ്രകാരം ആയതിനുള്ള അപേക്ഷ നൽകേണ്ടത് ബന്ധപ്പെട്ട തഹസീൽദാർക്കാണ്. വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ [അപേക്ഷകന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെ ആയിരിക്കണം -(സ.ഉ.(കൈ) നം.485/2013/ആ.ക.വ തീയതി 13.12.2013 പ്രകാരം), ഫാറം നം.10 ലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച ശേഷമാണ് രോഗികൾക്ക് പെൻഷൻ അനുവദിക്കുന്നത്]. ഈ ആവശ്യത്തിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം 26.09.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നം.2636/2017/ആ.ക.വ.പ്രകാരം തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, കൊച്ചി ക്യാൻസർ സെന്റർ, എല്ലാ മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ രജിസ്റ്റേഡ് ഓങ്കോളജിസ്റ്റുകൾക്കും പുറമേ ജില്ല/ജനറൽ ആശുപത്രികളിലെ കീമോ തെറാപ്പി (ക്യൂറേറ്റീവ് ആന്റ് പാലിയേറ്റീവ്)/റേഡിയോ തെറാപ്പിയുമായി ബന്ധപ്പെട്ട ഓഫീസർക്കു കൂടി നൽകിയിട്ടുണ്ട്. ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ അനുവദിക്കുന്നതിന് തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനുള്ള നിവേദനം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | നിലവിൽ അർബുദരോഗികൾക്ക് എത്ര രൂപയാണ് പെൻഷൻ നൽകുന്നത് എന്നും ഏത് സർക്കാർ ഓഫീസിനാണ് ഇതിന്റെ ചുമതലയെന്നും വിശദമാക്കുമോ; | | |
| (സി) | അർബുദരോഗികൾക്ക് നൽകുന്ന പെൻഷൻ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയായാണ് വർദ്ധിപ്പിക്കുന്നത് എന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ